"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട വില്ലേജിൽ സർവ്വെ നമ്പർ 84/2 ൽപ്പെട്ട 50.877 സെന്റ് സ്ഥലം വട്ടിയൂർക്കാവ് ഗവ. എൽ.പി. സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിനായി ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലനിറുത്തിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.251/2025/LSGD** **തീയതി, തിരുവനന്തപുരം, 25-01-2025**

---

പരാമർശം:- 1. ഇ-ഫയൽ നം. എം2/74/2024/പൊ.വി.വ. തീയതി 28/10/2024.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/12/2024 തീയതിയിലെ LSGD/PD/38966/2024-AR2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് റോഡിന്റെ വികസനത്തിന്റെ ഭാഗമായി വട്ടിയൂർക്കാവ് ഗവ.എൽ.പി സ്കൂളിന്റെ സ്ഥലം ഏറ്റെടുത്തതിനാൽ പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വട്ടിയൂർക്കാവ് റൂറൽ ബ്ലോക്ക് ഓഫീസ് സ്ഥിതി ചെയ്തിരുന്നതുമായ സ്ഥലം വിട്ടു നൽകണമെന്ന് പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് അഭ്യർത്ഥിക്കുകയുണ്ടായി.

2) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് മുനിസിപ്പൽ പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനം ലഭ്യമാക്കേണ്ടത് മുനിസിപ്പാലിറ്റിയുടെ കർത്തവ്യമായിരിക്കുന്നതാണ്. സർക്കാർ പ്രീപ്രൈമറി സ്കൂളുകളും പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും നടത്തുക എന്നത് ഒന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റിയുടെ ചുമതലയാണ്.

3) മുൻ ഗ്രാമ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗവുമായ പേരൂർക്കട വില്ലേജിൽ സർവ്വേ നം. 84/2-ൽ ഉൾപ്പെട്ട 79.04 സെന്റ് വസ്തുവിൽ നിന്നും RSETI കെട്ടിട നിർമ്മാണത്തിനും അനുബന്ധറോഡിനുമായി വിട്ടുനൽകിയ 28.163 (26.923+1.24) സ്ഥലം കഴിച്ച് രേഖകൾ പ്രകാരം 50.877 സെന്റ് സ്ഥലമാണ് ബാക്കി കാണുന്നതെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ

റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട വില്ലേജിൽ സർവ്വേ നം. 84/2-ൽ ഉൾപ്പെട്ട 50.877 സെന്റ് സ്ഥലം വട്ടിയൂർക്കാവ് ഗവ.എൽ.പി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (എം) വകുപ്പ് (No.GEN-M2/74/2024-GEN dated 28/10/2024)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
വിവര & പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (RE1/399/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 27-01-2025 15:09:54

സെക്ഷൻ ഓഫീസർ